* 635 [680] ശ്രീ. കെ. വി. കുര്യൻ:

,, വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽകോളേജുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. വി. പ്രഭാകരൻ):

(എ, ബി) കേരളത്തിലെ ഓരോ മെഡിക്കൽ കോളേജും ഗവൺമെൻറിന്റെ നിയന്ത്രണത്തിന് വിധേയമായിസ്വതന്ത്രമായി പ്രവർത്തിക്കുന്ന ഓരോ സ്ഥാപനങ്ങളാണ്. എന്നാൽ സർവ്വീസ് സംബന്ധമായ കാര്യങ്ങളിലും (അതായത്, ഉദ്യോഗക്കയറ്റം, സ്ഥലം മാറ്റം മുതലായവ) മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച കാര്യങ്ങളിലും തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഒരു കോ-ഓർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പഞ്ചായത്തു ജീവനക്കാരുടെ നിവേദനം

1073 [1716] ശ്രീ. എസ്. ത്യാഗരാജൻ:

,, കല്ലട നാരായണൻ:

,, എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പഞ്ചായത്തു ജീവനക്കാർ തങ്ങളുടെ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിലൂടെ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) അതിനെന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) പഞ്ചായത്ത് ജീവനക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഈ ആവശ്യങ്ങളെ സംബന്ധിച്ച് പഞ്ചായത്ത് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തശേഷം വേണ്ട നടപടികൾ എടുക്കുന്നതാണ്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1073 (1716) കാണുക]

പഞ്ചായത്ത് ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ

1. മാനേജർ, ഹെഡ് ക്ലാർക്ക്, ലൈബ്രേറിയൻ എന്നിവർക്ക് സർക്കാർ സർവീസിലുള്ള (ഇപ്പോൾ പരിഷ്കരിച്ച) തത്തുല്യമായ ശമ്പള സ്കെയിൽ അനുവദിക്കുക.

2. പഞ്ചായത്തിലെ ഫുൾടൈം കണ്ടിൻജൻസി ജീവനക്കാർക്ക് പൂർവ്വകാലപ്രാബല്യത്തോടെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളം തുല്യനിലയിൽ നൽകുക.

3. പഞ്ചായത്തിലെ ജീവനക്കാരെയും, പഞ്ചായത്ത് എക്സി. ആഫീസർമാരെയും പഞ്ചായത്ത് വകുപ്പിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരമായതിനാൽ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റുമായി സംയോജിപ്പിക്കുക.

4. പഞ്ചായത്ത് ജീവനക്കാരുടെ പ്രവർത്തന ഫലമായി പഞ്ചായത്തു വകുപ്പ് വികസിക്കുമ്പോൾ ജീവനക്കാരുടെ പങ്കാളിത്തത്തെ കണക്കിലെടുത്ത് സ്പെഷ്യൽ ഗ്രേഡ് എക്സി. ആഫീസർമാരുടെ ശമ്പള സ്കെയിലിനു തുല്യമായ നിലയിൽ അസിസ്റ്റന്റ് താലൂക്ക് പഞ്ചായത്ത് ആഫീസർ തസ്തിക പുതുതായി സൃഷ്ടിച്ച് പഞ്ചായത്ത് ജീവനക്കാർക്ക് മാത്രമായി നൽകുക.

5. എക്സി. ആഫീസർമാരുടെ നിയമനം നൂറുശതമാനവും പഞ്ചായത്ത് ജീവനക്കാരുടെ പ്രമോഷൻ തസ്തികയായി മാറ്റുക.

6. ഒരു തസ്തികയിൽ മറ്റൊരു പ്രമോഷൻ തസ്തികയിലേക്ക് 'എലിജിബിലിറ്റി ടെസ്റ്റ്' നടത്തി പ്രമോഷൻ ലഭിച്ചവർക്ക് തുടർന്നുള്ള പ്രമോഷൻ ലഭിക്കുവാൻ നിലവിലുള്ള തടസ്സം ഒഴിവാക്കുക.

7. കോമൺ സർവീസ് നടപ്പിലാക്കിയതുമുതൽ കാറ്റഗറി അടിസ്ഥാനത്തിലുള്ള സീനിയോരിറ്റി കണക്കാക്കിയാണ് പ്രമോഷൻ നൽകുന്നത്, എന്നാൽ പഞ്ചായത്തിലെ ബിൽ കലക്ടർമാർക്ക് ലഭിക്കുന്ന പ്രമോഷൻ പഞ്ചായത്ത് അസിസ്റ്റന്റ് ആയതിനാൽ ഒരേ ശമ്പള സ്കെയിൽ തന്നെയാണ് ലഭിക്കുന്നത് എന്നുമാത്രമല്ല ബിൽ കലക്ടർ മാർക്കു ലഭിച്ചുവന്ന സൈക്കിൾ അലവൻസിന്റെ കുറവുമൂലം ശമ്പളത്തിൽ കുറവും അനുഭവപ്പെടുന്നു. അതിനാൽ ഈ വിഭാഗത്തോട് നീതി പുലർത്തുവാൻ പഞ്ചായത്തിലെ സർവീസ് പത്തുവർഷം പൂർത്തിയാക്കുന്ന പഞ്ചായത്ത് അസിസ്റ്റന്റുമാർക്ക് അപ്പർ ഗ്രേഡ് നൽകുക.

8. സ്റ്റാഫ് പാറ്റേൺ ശാസ്ത്രീയമായി പുനർനിർണ്ണയംചെയ്യുക. വർഷാവർഷം തസ്തികകൾക്ക് അനുവാദം വാങ്ങുകയും ചെയ്യുന്ന സമ്പ്രദായം ഒഴിവാക്കുകയും ചെയ്യുക.

9. ഗവൺമെന്റ് നിശ്ചയിക്കുന്ന സ്റ്റാഫ് പാറ്റേണിൽപെട്ട തസ്തികകൾക്ക് പഞ്ചായത്ത് ഭരണസമിതികളുടെ അനുവാദം വേണമെന്ന് ഇന്നു നിലവിലുള്ള വ്യവസ്ഥ ഒഴിവാക്കുക.

10. ഓരോ തസ്തികകൾക്കും വ്യക്തമായ ചുമതല നിർവചിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

11. 1969 മുതൽ നിരാകരിച്ചതും, 1977 ഏപ്രിൽ മുതൽ അനുവദിച്ചതുമായ ഹെഡ് ക്ലാർക്കുമാർക്ക് ലഭിക്കേണ്ടതായ റൂൾ 28-എ. യുടെ ആനുകൂല്യം പൂർവ്വകാല പ്രാബല്യത്തോടെ അനുവദിക്കുക.

12. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുമാറ് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിൽ റവന്യൂ ആഫീസറുടെ തസ്തിക അനുവദിക്കുക.

13. സർക്കാർ ഖജനാവിൽ നിന്നും ശമ്പളം ലഭിക്കുവാനുള്ള വ്യവസ്ഥ ചെയ്യുക.

14. വിനോദനികുതി ചട്ടം സമഗ്രമായി പരിഷ്കരിച്ച് നികുതി വെട്ടിപ്പ് ഒഴിവാക്കുകയും നിലവിലുള്ള പരിശോധനാ സമ്പ്രദായം ഒഴിവാക്കി പഞ്ചായത്ത് ജീവനക്കാരോട് മാനുഷികമായ സമീപനം കൈകൊള്ളുകയും ചെയ്യുക.

15. പ്രമോഷൻ സാദ്ധ്യതയില്ലാത്ത ഓവർസിയർ, മിഡ്വൈഫ്, നഴ്സറി ടീച്ചർ, സാനിട്ടറി മേസ്തിരി, വർക്ക് സൂപ്പണ്ട്, ജൂനിയർ ബിൽ കലക്ടർ, പ്യൂൺ തുടങ്ങിയ തസ്തികകൾക്ക് ഗ്രേഡ് നൽകുക.

16. പഞ്ചായത്ത് ജീവനക്കാർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് പണിയുവാൻ നടപടികൾ സ്വീകരിക്കുക.

17. യൂണിഫോറം അലവൻസ് 50 രൂപയിൽ നിന്ന് കാലാനുസൃതമായി ഇരുന്നൂറുരൂപയായി വർദ്ധിപ്പിക്കുകയും, പാർട്ടൈം ജീവനക്കാർക്കുംപ്പെടെ അനുവദിക്കുകയും ചെയ്യുക.

18. സ്വീപ്പർ, സ്ക്കാവഞ്ചർ എന്നീ വിഭാഗങ്ങൾക്ക് മഴക്കോട്ടും, ചെരുപ്പും അനുവദിക്കുകയും വാഷിംഗ് അലവൻസ് കാലാനുസൃതമായി വർദ്ധിപ്പിക്കുകയും ചെയ്യുക.

19. കണ്ടിജൻസി ജീവനക്കാർക്ക് പ്യൂൺ തസ്തികയിലേക്ക് ലഭിക്കുവാൻ കോമൺസർവ്വീസ് നടപ്പിലാക്കുന്നതിനു മുമ്പ് എഴുത്തും വായനയും മാത്രം അറിഞ്ഞാൽ മതിയായിരുന്നു. എന്നാൽ കോമൺ സർവ്വീസ് റൂൾസിൽ നാലാംതരം വിദ്യാഭ്യാസ യോഗ്യത വേണമെന്ന് അനുശാസിക്കുന്നു. മുൻകാലങ്ങളിൽ ലഭിച്ചുവന്നിരുന്ന പ്രസ്തുത ആനുകൂല്യം പുനഃസ്ഥാപിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടുകൊള്ളുന്നു.

20. പാർട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കുവാൻ അഞ്ചുവർഷം സർവ്വീസ് പൂർത്തിയാക്കണമെന്ന് ഇന്നുള്ള നിബന്ധന ഒഴിവാക്കുക.

21. ഗവൺമെൻറിന്റെ ഭരണഭാഷ മലയാളമായി പ്രഖ്യാപിച്ചിട്ടും ഗ്രാമപഞ്ചായത്തുകളുടെ 'പഞ്ചായത്ത് ഭരണനിപ്പോർട്ട്' മലയാളത്തിൽ പ്രസിദ്ധീകരിച്ചുകാണുന്നില്ല. അവ മേലാൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുക.

22. പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പഞ്ചായത്ത് രാജ്' മാസികയ്ക്ക് ഒരു ഉപദേശക ബോർഡ് ഉണ്ടാക്കുകയും, പഞ്ചായത്ത് ജീവനക്കാരുടെ പ്രതിനിധികളെ അതിലുൾപ്പെടുത്തുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

23. പഞ്ചായത്ത് രജിസ്റ്റർബുക്കിൽ പഞ്ചായത്തുകരുടെയും പഞ്ചായത്ത് ജീവനക്കാരുടെയും ബാധിക്കുന്ന നിർദ്ദേശങ്ങളും, ഉത്തരവുകളും കാല വിളംബം കൂടാതെ പ്രസിദ്ധീകരിക്കുക.

24. നൂറുശതമായം നികുതി പിരിവിനു നൽകിവരുന്ന റിവാർഡ് പഞ്ചായത്തിലെ മുഴുവൻ ജീവനക്കാർക്കും നൽകുകയും പ്രോത്സാഹന മായി തുടർച്ചയായി മൂന്നുവർഷം നൂറുശതമാനം നികിതിപിരിവു പൂർത്തി യാക്കുന്ന ജീവനക്കാർക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് നൽകുകയും ചെയ്യുക.

25. പഞ്ചായത്ത് ഫീൽഡ് സ്റ്റാഫിനു പി.സി.എ. കാലാനുസൃത മായി പരിഷ്ക്കരിക്കുക, ഓവർടൈം അലവൻസുകയും വർദ്ധിപ്പിക്കുകയും ' ജനനമരണ ' ചുമതല കൈകാര്യം ചെയ്യുന്ന ജീവനക്കാരനു അലവൻസ് നൽകുകയും ചെയ്യുക.

26. പഞ്ചായത്തുകയം മുനിസിപ്പാലിറ്റി ആയി മാറുമ്പോരം ആ പഞ്ചായത്തിനു നിലവിലുണ്ടായിരുന്ന ജീവനക്കാരെ മുനിസിപ്പാലിറ്റി സർവ്വീസിൽ എടുക്കുന്നതിനുപകരം അതാതു ജില്ലയിലെ മുനിസിപ്പൽ സർവീസിലേക്കു പോകുവാൻ തയ്യാറാകുന്ന ജീവനക്കാരിൽനിന്നു സീനിയോരിട്ടി അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണ്.

27. ഫാമിലി ബെനിഫിറ്റ് സ്കീം, മെഡിക്കൽ ആനുകൂല്യങ്ങളും ഇവ അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly